**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1533** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കൂത്തുപറമ്പ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഐ .എച്ച് .ആർ .ഡി .)</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കൂത്തുപറമ്പ നിയോജക മണ്ഡലത്തിലെ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് അഞ്ച് ഏക്കർ ഭൂമി ലഭ്യമാണെങ്കിലും പര്യാപ്തമായ ഭൗതിക സാഹചര്യങ്ങളുടെ അഭാവം മൂലം വിദ്യാർത്ഥികൾ പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച തുക ഉപയോഗിച്ച് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കോളേജിലേക്കുള്ള അപ്രോച്ച് റോഡ്, ഓഡിറ്റോറിയം, സ്റ്റേഡിയം, കോൺഫറൻസ് ഹാൾ തുടങ്ങിയവയുടെ നിർമ്മാണം ഐ.എച്ച്.ആർ.ഡിയ്ക്കുള്ള പ്ലാൻ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കുന്നതാണ്.

**(ബി)** മലബാർ മേഖലയിൽ വർഷങ്ങളായി മികച്ച അക്കാദമിക നിലവാരം പുലർത്തുന്ന ഈ സ്ഥാപനത്തിന് ചുറ്റുമതിൽ, സ്റ്റേഡിയം, കോൺഫറൻസ് ഹാൾ, ഓഡിറ്റോറിയം, ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിനായി തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച തുക ഉപയോഗിച്ച് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കോളേജിലേക്കുള്ള അപ്രോച്ച് റോഡ്, ഓഡിറ്റോറിയം, സ്റ്റേഡിയം, കോൺഫറൻസ് ഹാൾ തുടങ്ങിയവയുടെ നിർമ്മാണം ഐ.എച്ച്.ആർ.ഡിയ്ക്കുള്ള പ്ലാൻ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കുന്നതാണ്.

**(സി)** പ്രസ്തുത കോളേജിൽ ന്യൂ ജനറേഷൻ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി കണ്ണൂർ സർവകലാശാലയിൽ ഐ.എച്ച്.ആർ.ഡി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**